94 (1320) ഉരുൾപൊട്ടലിൽ നശിച്ചുപോയ ഭൂമിക്ക് പകരം ഭൂമി

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984 ഒക്ടോബർ മാസം പുവത്തുംചോലയിൽ ഉരുൾപൊട്ടലിൽ നശിച്ചുപോയ ഭൂമിക്ക് പകരം ഭൂമി കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പാപ്പിലേരി രാഘവൻനായർ എന്ന വ്യക്തിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ അപേക്ഷയിൽ എന്ത് നടപടിയാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. രാഘവൻനായർക്ക് കൊയിലാണ്ടി താലൂക്കിൽ കൊല്ലുക്കല്ലൂർ വില്ലേജിൽ റീസർവ്വേ 23/1-ൽ പ്പെട്ട 20 സെന്റ് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്.

95 (1321) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കത്തെത്തുടർന്ന് രണ്ടര വർഷം മുമ്പ് പൂർണ്ണമായും ഭവനരഹിതരായിത്തീർന്ന മത്സ്യത്തൊഴിലാളികളെ ഇതുവരെയും പുനരധിവസിപ്പിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പുനരധിവാസ പ്രവർത്തനങ്ങൾക്കുണ്ടായ കാലതാമസം കാരണം ഭവനരഹിതമായ മത്സ്യത്തൊഴിലാളികൾ ആലപ്പുഴ ബൈപാസ് നിർമ്മാണത്തിനായുള്ള സ്ഥലം കയ്യേറി കുടിൽ കെട്ടി താമസിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവരെ പുനരധിവസിപ്പിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) 1996 ജൂൺ മാസത്തിലെ കടൽക്ഷോഭംമൂലം ഭവനരഹിതരായ 13 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഭൂരഹിത ഗ്രാമീണ കർഷകരുടെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പറവൂർ വില്ലേജിൽ സ്ഥലം വിലയ്ക്കെടുത്ത് വിതരണം നടക്കുന്നതിനായി 50 സെന്റ് സ്ഥലം പുന്നപ്ര പഞ്ചായത്തു സെക്രട്ടറിയെ ഏൽപ്പിച്ചിട്ടുള്ളതാണ്. എന്നാൽ പറവൂർ വില്ലേജിൽ 1993-ൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ വേറെ 13 കുടുംബങ്ങളെ ഇനിയും പുനരധിവസിപ്പിച്ചിട്ടില്ല എന്നു പറഞ്ഞ് സ്ഥലവാസികൾ തടസ്സപ്പെടുത്തിയതിനാൽ മേൽ സ്ഥലം 1996-ലെ കടൽക്ഷോഭത്തിനിരയായവർക്ക് നൽകുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. പ്രസ്തുത സ്ഥലത്ത് 1993-ൽ വീടു നഷ്ടപ്പെട്ടവർ കയ്യേറി താമസിക്കുന്നുണ്ട്. 1997-ൽ മത്സ്യത്തൊഴിലാളികൾക്കാർക്കും വീട് നഷ്ടപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly